# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 19 .06.2013 - ൽ മറുപടിയ്ക്ക്
നിയമസഭാചോദ്യം നം. 2388

## ആയുഷ് കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. എ. വാഹിദ്<br>,, ആർ. സെൽവരാജ്<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, ബെന്നി ബെഹനാൻ | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആയുഷ് കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) & (ബി) | ഉണ്ട്. കോ-ലൊക്കേഷന്റെ ഭാഗമായി നെയ്യാറ്റിൻകര ആയുർവേദ ആശുപത്രിയോടനുബന്ധിച്ച് ഹോമിയോ, യുനാനി, പ്രകൃതി, സിദ്ധ എന്നീ ചികിത്സാ സമ്പ്രദായങ്ങൾ കൂടി തുടങ്ങുന്നതിനുള്ള പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ആയുർവേദം, ഹോമിയോ, യോഗ, നാച്ചുറോപ്പതി, യുനാനി, സിദ്ധ എന്നീ ചികിത്സാ രീതികൾ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ചികിത്സ പ്രദാനം ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി) ആയുർവ്വേദം, ഹോമിയോ, യോഗ, നാച്ചുറോപ്പതി, യുനാനി, സിദ്ധ എന്നീ ചികിത്സാ രീതികൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്; | (സി) | തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്ക് ആശുപത്രിയിൽ നിലവിൽ ആയുർവേദ ചികിത്സാ വിഭാഗവും |

സിദ്ധ ചികിത്സാ വിഭാഗവും പ്രവർത്തിച്ചുവരുന്നു.

ഹോമിയോപ്പതി വിഭാഗം ആരംഭിക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാർ ആയുഷ് വിഭാഗത്തിൽ നിന്ന് ഒരു കോടി രൂപ സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് 25 കിടക്കകൾ ഉള്ള ഹോമിയോ ആശുപത്രി നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി ആശുപത്രിയിൽ പ്രകൃതി ചികിത്സാ വിഭാഗവും യുനാനി ചികിത്സാ വിഭാഗവും തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ കടലോര പ്രദേശമായ പൂന്തുറയിൽ ആയുർവേദം, ഹോമിയോ, യുനാനി, സിദ്ധ എന്നീ ചികിത്സാ വിഭാഗങ്ങൾ അടങ്ങിയ ആയുഷ് കേന്ദ്രം ആരംഭിക്കുവാനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ഭാരതീയ ചികിത്സാ വകുപ്പ്, ഹോമിയോപ്പതി വകുപ്പ്, എൻ.ആർ.എച്ച്.എം, ഹോംകോ, ഔഷധി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ